**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **30-09-2025 - ൽ മറുപടിയ്ക്ക്**

**നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ നേരിടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ച വ്യാധികളെ ഫലപ്രദമായി നേരിടുന്നതിൽ നടത്തിയ സുശക്തമായ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് സുശക്തമായ പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിയത്. ഇത് ദേശീയതലത്തിൽ ശ്രദ്ധയാകർഷിക്കുന്നതിന് കാരണമായി തീർന്നിട്ടുണ്ട്.<br><br>സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട നിപ, മങ്കിപോക്സ്, സിക കേസുകൾ എല്ലാം തന്നെ യഥാസമയം സെൻട്രൽ സർവൈലൻസ് യൂണിറ്റിലേക്ക് ഐ.ഡി.എസ്.പി റിപ്പോർട്ടിങ്ങിലൂടെ കൈമാറിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക എന്നീ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ആഗോളതലത്തിൽ നിപ രോഗബാധയെതുടർന്നുണ്ടാകുന്ന മരണനിരക്കും കേരളത്തിലുണ്ടായ മരണനിരക്കും താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിൽ 2018 മുതൽ 2025 വരെ കണ്ടെത്തിയിട്ടുള്ള നിപ വൈറസിന്റെ ജനിതക വകഭേദം Niv- I (Indian genotype) ആണ്. ബംഗ്ലാദേശിൽ നിപയ്ക്ക് കാരണമായ Niv- B (Bangladesh) ജനിതക വകഭേദത്തിന്റെ രോഗലക്ഷണങ്ങളുമായി അടുത്ത സാമ്യമുള്ളതാണ് ഈ ജനിതക വകഭേദം. നിപ യുടെ ബംഗ്ലാദേശ് വകഭേദത്തിന്റെ ആഗോള മരണ നിരക്ക് 70% ത്തിന് മുകളിലാണ്. ഒറ്റ രോഗിയിൽ മാത്രമായി നിപ വരുന്ന അവസരങ്ങളിൽ രോഗിയെ രക്ഷപ്പെടുത്തുന്നത് ശ്രമകരമാണ്. രോഗം കണ്ടെത്തുന്ന സമയത്ത് രോഗി മരണപ്പെട്ടു കഴിഞ്ഞിരിക്കുകയോ, അത്യന്തം ഗുരുതരാവസ്ഥയിൽ ആയിരിക്കുകയോ ചെയ്യാം.<br><br>തീവ്രവ്യാപനശേഷിയും ഉയർന്ന മരണനിരക്കുമുള്ള നിപ രോഗബാധ സംശയിക്കുന്ന ഏതെങ്കിലും കേസ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യപ്പെടുന്നത് മുതൽ നടത്തിവരുന്ന സമയോചിത ഇടപെടലുകളും പ്രതിരോധ പ്രവർത്തനങ്ങളും മൂലം കേസുകളുടെ എണ്ണം വർദ്ധിക്കുന്നത് തടയുന്നതിനും മരണങ്ങൾ ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന് കഴിയുന്നുണ്ട്. ആഗോളതലത്തിൽ മരണനിരക്ക് 70% ന് മുകളിൽ ആണെങ്കിലും കേരളത്തിൽ അത് 2023 ലെ രോഗവ്യാപനത്തിൽ 33%-ലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച്-ന്റെ പ്രവർത്തനലക്ഷ്യവും പുരോഗതിയും വ്യക്തമാക്കാമോ? | (ഡി) | നിപ രോഗവുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളും ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ള സാമൂഹ്യ പ്രതിരോധ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക എന്നതാണ് കോഴിക്കോട് മെഡിക്കൽ കോളേജ് കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള വൺ ഹെൽത്ത് സെന്റർ ഫോർ റിസർച്ച് ആൻഡ് റസിലിയൻസ് എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം. പ്രസ്തുത സെന്ററിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ പ്രവർത്തന കലണ്ടർ അനുസരിച്ചാണ് കേരളത്തിൽ നിപ രോഗത്തിന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. നിപ രോഗത്തിന്റെ കാര്യത്തിൽ കേരളത്തിൽ ഉണ്ടായ അണുബാധകളിൽ നിന്നും ലോകം പഠിച്ച പാഠങ്ങളെപ്പറ്റി ഒരു ഗവേഷണ പ്രബന്ധം ഏകാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ അന്തർദേശീയ ജേർണലിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ഐസിഎംആർ ഹെഡ്ക്വാർട്ടേഴ്സ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമിയോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി തുടങ്ങി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ ഏജൻസികളുമായി ചേർന്ന് നിപ പ്രതിരോധത്തിന് ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത നിപയുടെ സ്യൂഡോവൈറസ് പരിശോധന 2025 പാലക്കാട് / മലപ്പുറം ജില്ലകളിലെ അണുബാധ സമയത്ത് ഫീൽഡ് ടെസ്റ്റ് ചെയ്തിരുന്നു. അതിൻമേലുള്ള വിശദമായ പഠനങ്ങളും ഏകാരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## സംസ്ഥാനത്ത് നിപ, മങ്കിപോക്സ്, സിക എന്നീ പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ

### നിപ

2018-ലാണ് ആദ്യമായി കേരളത്തിൽ നിപ ഔട്ട് ബ്രേക്ക് ഉണ്ടാകുന്നത്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ശ്വാസകോശ സംബന്ധമായ ലക്ഷണങ്ങളും രോഗികൾക്ക് ഉണ്ടായിരുന്നതിനാൽ തന്നെ ഈ വൈറസ് വളരെ വേഗം പടർന്നു പിടിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നു. എന്നാൽ സമയോചിതമായ ഇടപെടലുകളിലൂടെ കേസുകളുടെ എണ്ണവും മരണവും കുറയ്ക്കാനായി സാധിച്ചു. തുടർന്നുള്ള വർഷങ്ങളിലും കൂടുതൽ കേസുകൾ പടർന്നു പിടിക്കുന്നത് പ്രതിരോധിക്കുന്നതിൽ ആരോഗ്യവകുപ്പ് വിജയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് രോഗം സ്ഥിരീകരിക്കപ്പെട്ട രോഗികളിൽ കൃത്യസമയത്ത് ആവശ്യമായ ലാബ് പരിശോധന നടത്തിയതുകൊണ്ട് മാത്രമാണ് രോഗം കണ്ടുപിടിക്കാൻ കഴിഞ്ഞത്. രോഗം റിപ്പോർട്ട് ചെയ്യുന്ന ഉടൻ തന്നെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഇതിന് വേണ്ടി വ്യക്തമായ മാർഗ്ഗരേഖകളും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. സമ്പർക്ക പട്ടിക തയ്യാറാക്കി, പട്ടികയിലുള്ളവരെ നിരീക്ഷിച്ചും രോഗലക്ഷണമുള്ളവരെ പരിശോധനകൾക്ക് വിധേയമാക്കിയും പ്രവർത്തനങ്ങൾ നടന്നു. എല്ലാ ദിവസവും വിവിധ പ്രവർത്തനങ്ങളുടെ ഉന്നതതല അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലകളിലെ കൺട്രോൾ സെല്ലുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ നിപ കൺട്രോൾ സെൽ ആരംഭിക്കുകയും ഓരോ ദിവസത്തെയും സ്ഥിതി വിവര കണക്കുകൾ അവലോകനം ചെയ്യുകയും വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിപ രോഗ ഔട്ട്ബ്രേക്കുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ ഉണ്ടാകുന്ന ഭയവും മറ്റു മാനസിക ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനായി ജില്ലകളിലെ കൺട്രോൾ സെല്ലുകളുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിലെ കൺട്രോൾ സെൽ നേതൃത്വത്തിലും സൈക്കോ സോഷ്യൽ സപ്പോർട്ടും 24*7 കാൾ സെന്ററും ക്രമീകരിച്ചിരുന്നു.

രോഗികളുടെ ചികിത്സ സംബന്ധിച്ച് സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും, സംസ്ഥാന മെഡിക്കൽ ബോർഡ് ഓരോ രോഗിയുടെയും ചികിത്സ കൃത്യമായി നിരീക്ഷിക്കുകയും ചെയ്തു. കൂടാതെ രോഗികൾക്കെല്ലാം തന്നെ മോണോക്ലോണൽ ആന്റി ബോഡി ഉൾപ്പെടെയുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

സർക്കാർ/സ്വകാര്യ മേഖലകളിൽ രോഗ ലക്ഷണങ്ങളുമായി വരുന്നവരെ കൃത്യമായി ലാബ് ടെസ്റ്റിംഗിന് വിധേയമാക്കുന്നതിനും ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സംസ്ഥാനത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്കായി നിപ രോഗം സംബന്ധിച്ച് വിവിധ പരിശീലന ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി നിപ രോഗം സംബന്ധിച്ച ചികിത്സകളുടെയും പരിശോധനകളുടെയും മാർഗനിർദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രോഗ സ്ഥിരീകരണത്തിനായി VRDL ലാബ് കോഴിക്കോട്, VRDL മഞ്ചേരി, എൻഐവി ആലപ്പുഴ, IAV തോന്നക്കൽ എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ലാബുകളിൽ സ്ഥിരീകരിക്കപ്പെട്ട സാമ്പിളുകൾ എൻ.ഐ.വി പൂനെയിലേക്ക് അയക്കുകയും സ്ഥിരീകരണം ഉറപ്പുവരുത്തുകയും ചെയ്യുവരുന്നു.

2025 ൽ നിപ സ്ഥിരീകരിക്കപ്പെട്ട നാല് രോഗികളാണ് ഉണ്ടായിരുന്നത്. ഇതിൽ രണ്ടുപേരാണ് മരണപ്പെട്ടത്. ഈ രോഗം കൂടുതൽ പേരിലേക്ക് പടരാതിരിക്കാനായി ഉടൻ തന്നെ ജില്ലാതലത്തിൽ പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൺട്രോൾ റൂം ആരംഭിക്കുകയും ഓരോ രോഗികളുടെയും കോൺടാക്റ്റ് ട്രേസിംഗ് വിശദമായ രീതിയിൽ നടത്തുകയും കോണ്ടാക്റ്റുകളെ ഹൈ റിസ്ക്, ലോ റിസ്ക് എന്നിങ്ങനെ തരംതിരിക്കുകയും കൃത്യമായ രീതിയിൽ ക്വാറന്റീനിൽ നിലനിർത്തുകയും ചെയ്തു. ഇത് കൂടാതെ കോൺടാക്റ്റ് ട്രേസിംഗിലൂടെ കണ്ടെത്തിയ രോഗ ലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ എടുക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

നിപ ഔട്ട് ബ്രേക്കുമായി ബന്ധപ്പെട്ട് കേന്ദ്ര സംഘം സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാനത്ത് ഒരുക്കിയിരുന്ന സർവൈലൻസ് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.സി.എം.ആർ-മായി ചേർന്ന് നിപ ബാധയുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

കൂടാതെ കോഴിക്കോട് കേന്ദ്രീകരിച്ച് നിപ പ്രതിരോധ പ്രവർത്തനത്തിനായി One Health Centre for Nipah Research & Resilience എന്ന സ്ഥാപനവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിപ ഔട്ട്ബ്രേക്ക് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പുറമെ നിപ വരുന്നത് തടയുവാനുള്ള ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. നിപ രോഗബാധ സാധ്യത കൂടുതലുള്ള ജില്ലകളിൽ അക്യൂട്ട് എൻസഫലൈറ്റിസ് സിൻഡ്രോം സംബന്ധിച്ച സർവൈലൻസ് പ്രവർത്തനങ്ങൾ സുശക്തമാക്കി. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിപ കലണ്ടർ പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തപ്പെടുകയും ചെയ്യുവരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, വനം വകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളുമായി സഹകരിച്ച് ഇടപെടലുകൾ നടന്നു വരുന്നു. പൊതുജനങ്ങളിൽ നിപ രോഗം സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനായി പൊതുജനാരോഗ്യ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

<u>മങ്കിപോക്സ് (എം-പോക്സ്)</u>

2022 ലാണ് കേരളത്തിൽ ആദ്യമായി എം-പോക്സ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട എല്ലാ കേസുകളും വിദേശ രാജ്യങ്ങളിൽ നിന്ന് രോഗലക്ഷണങ്ങളോട് കൂടി കേരളത്തിൽ എത്തിയവരാണ്. സംസ്ഥാനത്തിലെ വിവിധ എയർപോർട്ടുകളുടെ നിരീക്ഷണത്തിലൂടെയും, ജില്ലകളിലെ സർവ്വേ പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ് ഈ കേസുകൾ കണ്ടുപിടിക്കാനും കൂടുതൽ വ്യാപനം തടയാനും സാധിച്ചിട്ടുള്ളത്.

എം-പോക്സ് സംശയിക്കുന്നവർക്ക് സ്രവ പരിശോധനയിലൂടെ രോഗം സ്ഥിരീകരിക്കുവാൻ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജുകളിലെ ലാബുകൾ, എൻ.ഐ.വി. ആലപ്പുഴ, IAV തോന്നയ്ക്കൽ എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തുടർ പരിശോധനയിലൂടെ എം-പോക്സ് വൈറസിന്റെ തരം (Clade) തിരിച്ചറിയുന്നതിനായി സാമ്പിളുകൾ പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് അയക്കുന്നുണ്ട്.

എം-പോക്സ് സ്ഥിരീകരിച്ചാൽ സ്വീകരിക്കേണ്ട ചികിത്സാ രീതികളും, സമ്പർക്ക പട്ടിക തയ്യാറാക്കലും, നിരീക്ഷണവും സംബന്ധിച്ച് സംസ്ഥാന സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കൃത്യമായ ഐസൊലേഷൻ, നിരീക്ഷണം എന്നിവയിലൂടെ പുതിയ കേസുകൾ (Secondary Cases) ഉണ്ടാകുന്നത് തടയുവാൻ സാധിച്ചിട്ടുണ്ട്.

<u>സിക</u>

കൊതുകുജന്യ രോഗമായ ഈ രോഗം സുശക്തമായ സർവൈലൻസിന്റെ ഭാഗമായിട്ടാണ് നമുക്ക് കണ്ടെത്താൻ സാധിച്ചത്. PCR പരിശോധന ഉൾപ്പെടെയുള്ള ലാബ് സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. സിക രോഗം സ്ഥിരീകരിച്ചാൽ പരിസര പ്രദേശങ്ങളിൽ സർവ്വേ നടത്തുകയും പനിയുള്ളവരെ പരിശോധനാ വിധേയമാക്കുകയും, കൊതുക സാന്ദ്രത കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഈ രോഗം സംബന്ധിച്ച വിവിധ പഠനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുണ്ട്.

വീണ ജോർജ്

**അനുബന്ധം 2**

## സംസ്ഥാനത്ത് നിപ പരിശോധനയും ചികിത്സയും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് സ്വീകരിച്ച നടപടികൾ

നിപ രോഗബാധ സാധ്യത കൂടുതലുള്ള ജില്ലകളിൽ അക്യൂട്ട് എൻസഫലൈറ്റിസ് സിൻഡ്രോം സംബന്ധിച്ച സർവൈലൻസ് പ്രവർത്തനങ്ങൾ സുശക്തമാക്കി. സംസ്ഥാനത്ത് രോഗം സ്ഥിരീകരിക്കപ്പെട്ട രോഗികളിൽ കൃത്യസമയത്ത് ആവശ്യമായ ലാബ് പരിശോധന നടത്തിയതുകൊണ്ട് മാത്രമാണ് രോഗം കണ്ടുപിടിക്കാൻ കഴിഞ്ഞത്. നിപ പരിശോധനയുടെ ഗോൾഡ് സ്റ്റാൻഡേർഡ് അല്ലെങ്കിൽ ഏറ്റവും ഉയർന്ന പരിശോധന എന്നറിയപ്പെടുന്ന, വൈറസിനെ വേർതിരിച്ച് പി സി ആർ (വൈറൽ എക്സ്ട്രാക്ഷൻ ആൻഡ് പി സി ആർ) ചെയ്യാൻ കഴിയുന്ന 4 ലബോറട്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഫീൽഡ് സ്റ്റേഷൻ എന്നിവയാണ് അവ. ഇന്ത്യയിൽ മറ്റൊരിടത്തും ഇത്രയും വ്യാപകമായ ശൃംഖല ഇല്ല. ഇതിൽ ആലപ്പുഴ ലബോറട്ടറി പൂർണ്ണമായ ബിഎസ്എൽ-3 ലബോറട്ടറിയാണ്. കോഴിക്കോട് ഉടൻതന്നെ ആ ശ്രേണിയിലേക്ക് ഉയരും. ഇത് കൂടാതെ പരിമിതമായ സൗകര്യങ്ങളിലും വൈറസിനെ ടെസ്റ്റ് ചെയ്യാൻ കഴിയുന്ന ട്രൂനാറ്റ് ടെസ്റ്റുകളും വ്യാപകമായി വിന്യസിച്ചിട്ടുണ്ട്. അതായത് കേരളത്തിൽ എവിടെയും നിപ ബാധ ഉണ്ടായാൽ ടെസ്റ്റ് ചെയ്യാൻ കഴിയുന്ന രീതിയിൽ ലബോറട്ടറികളുടെ ശൃംഖല തന്നെ നാം വികസിപ്പിച്ചിട്ടുണ്ട്. രോഗ സ്ഥിരീകരണത്തിനായി VRDL ലാബ് കോഴിക്കോട്, VRDL മഞ്ചേരി, എൻഐവി ആലപ്പുഴ, ഐഎവി തോന്നക്കൽ എന്നിവിടങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ലാബുകളിൽ സ്ഥിരീകരിക്കപ്പെട്ട സാമ്പിളുകൾ എൻഐവി പൂനെയിലേക്ക് അയക്കുകയും സ്ഥിരീകരണം ഉറപ്പുവരുത്തുകയും ചെയ്തു വരുന്നു. പനി ഛർദി, അപസ്മാരം തുടങ്ങിയ ലക്ഷണങ്ങൾ ഉള്ള രോഗികളിലാണ് പ്രധാനമായും ഈ വൈറസ് പരിശോധന നടത്തിവരുന്നത്.

രോഗം റിപ്പോർട്ട് ചെയ്യുന്ന ഉടൻ തന്നെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ഇതിന് വേണ്ടി വ്യക്തമായ മാർഗ്ഗരേഖകളും നിശ്ചയിച്ചിട്ടുണ്ട്. സമ്പർക്ക പട്ടിക തയ്യാറാക്കി, പട്ടികയിലുള്ളവരെ നിരീക്ഷിക്കാനും രോഗലക്ഷണമുള്ളവരെ പരിശോധനകൾക്ക് വിധേയമാക്കിയും പ്രവർത്തനങ്ങൾ നടന്നു. എല്ലാ

ദിവസവും വിവിധ പ്രവർത്തനങ്ങളുടെ ഉന്നതതല അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ജില്ലകളിലെ കൺട്രോൾ സെല്ലുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ നിപ കൺട്രോൾ സെൽ ആരംഭിക്കുകയും എല്ലാ ദിവസവും ആരോഗ്യ വകുപ്പ് മന്ത്രി ഓരോ ദിവസത്തെയും സ്ഥിതി വിവര കണക്കുകൾ അവലോകനം ചെയ്യുകയും വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

നിപ രോഗ ഔട്ട്ബ്രേക്കുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ ഉണ്ടാകുന്ന ഭയവും മറ്റു മാനസിക ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനായി ജില്ലകളിലെ കൺട്രോൾ സെല്ലുകളുടെ നേതൃത്വത്തിലും സംസ്ഥാന തലത്തിലെ കൺട്രോൾ സെൽ നേതൃത്വത്തിലും സൈക്കോ സോഷ്യൽ സപ്പോർട്ടും 24*7 കാൾ സെന്ററും ക്രമീകരിച്ചിരുന്നു.

രോഗികളുടെ ചികിത്സ സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുകയും, സംസ്ഥാന മെഡിക്കൽ ബോർഡ് ഓരോ രോഗിയുടെയും ചികിത്സ കൃത്യമായി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ രോഗികൾക്കെല്ലാം തന്നെ മോണോക്ലോണൽ ആന്റി ബോഡി ഉൾപ്പെടെയുള്ള മരുന്നുകൾ യഥാസമയം ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്.

സർക്കാർ/സ്വകാര്യ മേഖലകളിൽ രോഗ ലക്ഷണങ്ങളുമായി വരുന്നവരെ കൃത്യമായി ലാബ് ടെസ്റ്റിംഗിന് വിധേയമാക്കുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സംസ്ഥാനത്തെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർക്കായി നിപ രോഗം സംബന്ധിച്ച് വിവിധ പരിശീലന ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട് കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനായി നിപ രോഗം സംബന്ധിച്ച ചികിത്സകളുടെയും പരിശോധനകളുടെയും മാർഗനിർദേശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2025 – ൽ നിപ സ്ഥിരീകരിക്കപ്പെട്ട നാല് രോഗികളാണ് കേരളത്തിൽ ഉള്ളത്. ഇതിൽ രണ്ടുപേരാണ് മരണപ്പെട്ടത്. ഈ രോഗം കൂടുതൽ പേരിലേക്ക് പടരാതിരിക്കാനായി ഉടൻ തന്നെ ജില്ലാതലത്തിൽ പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ കൺട്രോൾ റൂം ആരംഭിക്കുകയും ഓരോ രോഗികളുടെയും കോൺടാക്ട് ട്രേസിംഗ് വിശദമായ രീതിയിൽ നടത്തുകയും കോണ്ടാക്ടുകളെ ഹൈ റിസ്ക്, ലോ റിസ്ക് എന്നിങ്ങനെ തരംതിരിക്കുകയും കൃത്യമായ രീതിയിൽ ക്വാറന്റീനിൽ നിലനിർത്തുകയും ചെയ്തു. ഇത് കൂടാതെ കോൺടാക്ട് ട്രേസിംഗിലൂടെ ലക്ഷണങ്ങൾ ഉള്ളവരുടെ സാമ്പിളുകൾ എടുക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

നിപ ഔട്ട് ബ്രേക്കുമായി ബന്ധപ്പെട്ട് സെൻട്രൽ ടീം സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാനത്ത് ഒരുക്കിയിരുന്ന സർവൈലൻസ് പ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും

ചെയ്തിട്ടുണ്ട്. കൂടാതെ ഐസിഎം ആർ – മായി ചേർന്ന് നിപബാധയുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങൾ നടന്നുവരുന്നു.

നിപ ഔട്ട് ബ്രേക്ക് നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പുറമെ നിപ വരുന്നത് തടയുവാനുള്ള ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. നിപ രോഗബാധ സാധ്യത കൂടുതലുള്ള ജില്ലകളിൽ അക്യൂട്ട് എൻസഫലൈറ്റിസ് സിൻഡ്രോം സംബന്ധിച്ച സർവൈലൻസ് പ്രവർത്തനങ്ങൾ സുശക്തമാക്കി. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിപ കലണ്ടർ പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടത്തപ്പെടുകയും ചെയ്തു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, വനം വകുപ്പ് തുടങ്ങിയ മറ്റു വകുപ്പുകളുമായി സഹകരിച്ച് ഇടപെടലുകൾ നടന്നു വരുന്നു. പൊതുജനങ്ങളിൽ നിപ രോഗം സംബന്ധിച്ച അവബോധം വർദ്ധിപ്പിക്കുന്നതിനായി പൊതുജനാരോഗ്യ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ